"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- പാലക്കാട് മംഗലം ഗാന്ധി സ്മാരക യു.പി സ്കൂളിലെ ഹിന്ദി അദ്ധ്യാപകനായ ശ്രീ. അനീഷ്.പി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം. 2198/2022 മേലുള്ള 21/1/2022 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.5296/2022/GEDN തീയതി,തിരുവനന്തപുരം, 03-09-2022

---

പരാമർശം:-

1 ശ്രീ. അനീഷ്.പി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത 2198/2022 നം റിട്ട് ഹർജി .

2 റിട്ട് ഹർജി നം. 2198/2022 മേലുള്ള 21/1/2022 ലെ വിധിന്യായം

3 1/10/11 ലെ GO(P)NO. 199/11/GEDN ഉത്തരവ്

4 25/7/2012 ലെ G.O.(P)No. 244/12/GEDN ഉത്തരവ്

5 2/11/2012 ലെ പൊതുവിദ്യാഭ്യാസ (ജെ)വകുപ്പിന്റെ 59739/ജെ2/12/പൊ.വി.വ. സർക്കുലർ

6 30.10.2017 ലെ ജി.ഒ(കൈ) 134/2017/GEdn.

7 18/6/2018 ലെ 1866829/ജെ3/18/പൊ.വി.വ സർക്കുലർ

8 7/3/2019 ലെ G.O.(MS)No. 30/2019/GEDN ഉത്തരവ്

9 6/11/2021 ലെ ജെ3/328/2021/പൊ.വി.വ കത്ത്

10 27/04/2022 ലെ സ.ഉ.(സാധാ)നം.2671/2022/പൊവിവ നമ്പർ ഉത്തരവ്

11 07/04/2022 ലെ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ബി6/1200/2022 നമ്പർ റിപ്പോർട്ട്.

12 25/03/2022 ലെ ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ എഫ്/687/2022 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് മംഗലം ഗാന്ധി സ്മാരക യുപി സ്കൂളിലെ ഹിന്ദി അദ്ധ്യാപകൻ ശ്രീ

അനീഷ്.പി., ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം 2198/2022 മേലുള്ള 21/1/2022 ലെ വിധിന്യായത്തിൽ ഹർജിക്കാരനെ നേരിൽ കേട്ടശേഷം Ext.P8 റിവിഷൻ ഹർജി 4 മാസത്തിനകം തീർപ്പാക്കാൻ ഒന്നാം എതിർകക്ഷി സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

ഹർജിക്കാരനേയും മറ്റ ബന്ധപ്പെട്ട കക്ഷികളേയും18/4/22 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന കേൾക്കാൻ നോട്ടീസ് അയച്ചിരുന്നുവെങ്കിലും ഇതേ വിഷയവുമായി ബന്ധപ്പെട്ട് 4/4/22 ൽ WP(C) No.1912/2022മേലുള്ള വിധിന്യായപ്രകാരമുള്ള ഹിയറിംഗിൽ ഹാജരായ ഹർജിക്കാരന്റെ അംഗീകൃത നോമിനി ആവശ്യപ്പെട്ടതു പ്രകാരം 4/4/22 ൽ ഹർജിക്കാരന്റെ അംഗീകൃത നോമിനിയേയും മറ്റ ബന്ധപ്പെട്ട കക്ഷികളേയും നേരിൽ കേൾക്കുകയുണ്ടായി.

31/05/2021 ലുണ്ടായ ജൂനിയർ ഹിന്ദി തസ്തികയിലെ വിരമിക്കൽ ഒഴിവിലേക്ക് OA തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം നൽകി, 15/7/2021 മുതൽ മാനേജർ നിയമിച്ചിട്ടുള്ള സാഹചര്യത്തിൽ , 1-6-2011, 27-1-2014 കാലയളവുകളിലെ O A തസ്തികയിലെ അവധി നിയമനവും പരാമർശം 5 പ്രകാരം സ്ഥിര തസ്തികയിലെ നിയമനമാക്കി കണക്കാക്കി ഫുൾടൈം ജൂനിയർ ഹിന്ദി തസ്തികകളിലെ നിയമനം അംഗീകരിക്കണമെന്നതാണ് Ext.P8 റിവിഷൻ ഹർജിയിലെ ആവശ്യം.

<u>ഈ വിഷയം പരിശോധിച്ചതു സംബന്ധിച്ച വിഷയങ്ങൾ ചുവടെ ചേർക്കുന്നു</u>

ടി സ്കൂളിലെ OA ആയ ശ്രീ. കെ.മണി 21/1/2011 മുതൽ ദീർഘകാല അവധിയിൽ പ്രവേശിച്ച ഒഴിവിൽ O A ആയി ഹർജിക്കാരനെ മാനേജർ നിയമിച്ചിരുന്നു. പിന്നീട് 25/11/2014 മുതൽ ശ്രീ. മണി സർവ്വീസിൽ നിന്നും രാജി വച്ചതിനെ തുടർന്ന്O A തസ്തികയിൽ ഹർജിക്കാരനെ സ്ഥിര നിയമനം നൽകുകയും ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

പിന്നീട് 31/5/2020 ന് ഹിന്ദി ഫുൾടൈം തസ്തികയിലുണ്ടായ വിരമിക്കൽ ഒഴിവിലേക്ക് ചട്ടം43 അവകാശി എന്ന നിലയിൽ 15/7/2021 മുതൽ ഹർജിക്കാരനെ മാനേജർ നിയമിച്ചുവെങ്കിലും K T E T യോഗ്യത, ഹിന്ദി പഠിപ്പിക്കുന്നതിനുള്ള D L E D യോഗ്യത എന്നിവ നേടിയിട്ടില്ല എന്ന കാരണത്താൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമനം അംഗീകരിച്ചിട്ടില്ല

ഭാഷാധ്യാപക നിയമനത്തിനുള്ള യോഗ്യത 2 വർഷത്തെ DLED കോഴ്സ് ആയിരിക്കുമെന്ന് പരാമർശം 8 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട് എന്നാൽ ഇപ്രകാരം കോഴ്സ് പൂർത്തിയാക്കി ആദ്യബാച്ച് നിലവിൽ പുറത്തിറങ്ങിയിട്ടില്ലാത്ത സാഹചര്യത്തിലും, ദ്വിവത്സര DLED യോഗ്യത നേടിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികളെ നിയമനത്തിന് പരിഗണിക്കേണ്ടതില്ല എന്ന നിർദ്ദേശം പുറപ്പെടുവിച്ചിട്ടില്ലാത്തതിനാലും നിലവിൽ നിയമനം നൽകിയ അദ്ധ്യാപകരുടെ അംഗീകാരത്തിനായി സമർപ്പിക്കപ്പെട്ടതായ ശിപാർശകൾ, അവർ ദ്വിവത്സര D L E D കോഴ്സ് പാസ്സായിട്ടില്ല എന്ന കാരണത്താൽ നിരസിക്കേണ്ടതില്ല എന്ന് പരാമർശം 8 പ്രകാരം സ്പഷ്ടീകരണം നല്കിയിട്ടുള്ള സാഹചര്യത്തിൽ ഹർജിക്കാരന്, DLED യോഗ്യതയില്ല എന്ന കാര്യം ടിയാന്റെ നിയമനാംഗീകാരം നൽകുന്ന കാര്യത്തിൽ പരിഗണിക്കേണ്ടതില്ല. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ മേൽ തടസ്സവാദം ടി സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിൽ നിലനിൽക്കുന്നതല്ല. ഹർജിക്കാരൻ കേരള ഹിന്ദി പ്രചാര സഭയുടെ രാഷ്ട്രഭാഷാ പ്രവീൺ യോഗ്യതയാണ് ആർജ്ജിച്ചിട്ടുള്ളത്. ടി യോഗ്യത ജൂനിയർ ഹിന്ദി അദ്ധ്യാപക തസ്തികയിലെ നിയമനത്തിന്

പരിഗണിയ്ക്കാവുന്നതാണ്.

2011 മുതൽ ദീർഘകാല അവധി ഒഴിവിൽ O A തസ്തികയിൽ ജോലി ചെയ്തിട്ടുള്ള സാഹചര്യത്തിൽ K TET യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കണമെന്നതാണ് ഹർജിക്കാരന്റെ അപേക്ഷ.

പരാമർശം 3 പ്രകാരം എൽ.പി. ,യു.പി, ഹൈസ്കൂളുകളിലെ അദ്ധ്യാപക നിയമനങ്ങൾക്ക് K T E T നിർബന്ധമാക്കിയിട്ടുണ്ട്. പരാമർശം 4 പ്രകാരം താഴെപ്പറയുന്ന വിഭാഗങ്ങളെ K TET യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

1. 31/3/2012 നോ അതിനു മുൻപോ റഗുലർ ഒഴിവിൽ നിയമിതരായ അദ്ധ്യാപകർ
2. KER അദ്ധ്യായം 14 എ ചട്ടം 51(എ), 51(ബി) അവകാശികൾ (ഉത്തരവ് തീയതി വരെ)

31/3/2012 ന മുൻപ് സർവ്വീസിൽ പ്രവേശിച്ച സർക്കാർ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് പ്രമോഷനോ തസ്തിക മാറ്റം വഴിയുള്ള നിയമനമോ ലഭിക്കുമ്പോൾ അവർ കെ-ടെറ്റ് പാസ്സാകണമെന്ന് നിർബന്ധമില്ല എന്ന് പരാമർശം 7 പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം നിലവിലെ ചട്ടങ്ങൾ /ഉത്തരവുകൾ ബന്ധപ്പെട്ട റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുകയുണ്ടായി.

പാലക്കാട് മംഗലം ഗാന്ധി സ്മാരക യു.പി സ്കൂളിലെ ശ്രീ. മണി ദീർഘകാല അവധിയിൽ പ്രവേശിച്ച ഒഴിവിലാണ് ശ്രീ. അനീഷ്.പിക്ക് 1/6/2011 മുതൽ OA തസ്തികയിൽ നിയമനം നല്കിയത്. പ്രസ്തുത അവധി ഒഴിവിൽ തുടർന്നു വരവേ ശ്രീ. മണി 20.01.2014 ന രാജി സമർപ്പിച്ചിട്ടുള്ളതിനാൽ പ്രസ്തുത തീയതി മുതൽ ഹർജിക്കാരന് റെഗുലർ നിയമനത്തിന് അർ ഹതയുണ്ട്. 20.01.2014 ലും ടിയാൻ സർവ്വീസിലുണ്ടായിരുന്നു. എന്നാൽ മാനേജർ അകാരണമായി ആയത് 27.01.2014 മുതൽ മാത്രമാണ് നൽകിയതായി കാണുന്നത്. ഇക്കാര്യം പുനഃപരിശോധിച്ച് 20.01.2014 മുതൽ റെഗുലർ നിയമനം നൽകി 21/1/2014 മുതൽ 26/1/2014 വരെയുള്ള കാലയളവ് നോഷണൽ ആയി ക്രമീകരിക്കാവുന്നതാണ്. അപ്രകാരം അംഗീകാരം നൽകുമ്പോൾ അവധിയിൽ തുടരവേ ശ്രീ. മണി രാജിവച്ചത് പരിഗണിച്ച് ശ്രീ. അനീഷിന് 1/6/2011 മുതൽ ഉള്ള നിയമനം റഗുലറൈസ് ചെയ്യപ്പെട്ടതായി കണക്കാവുന്നതും പരാമർശം 4 പ്രകാരം 31/3/2012 ന മുൻപ് റഗുലർ സർവ്വീസിൽ പ്രവേശിച്ചവർക്ക് കെ.ടെറ്റ് ഇളവ് അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ ഹർജിക്കാരന് കെ.ടെറ്റ് പാസ്സാകുന്നതിന് ഇളവ് അനുവദിക്കാവുന്നതാണെന്നും വ്യക്തമാകുന്നു.

മേൽ സാഹചര്യത്തിൽ പാലക്കാട് മംഗലം ഗാന്ധി സ്മാരക യു.പി സ്കൂളിലെ ഹിന്ദി അദ്ധ്യാപകനായ ശ്രീ. അനീഷ്.പിയ്ക്ക് 27/1/2014 മുതൽ നിയമനാംഗീകാരം നല്കിയ മാനേജറുടെ നടപടി പുന:പരിശോധിച്ച് 20/1/2014 മുതൽ റഗുലർ സർവീസിൽ നിയമനം നല്കി 21/4/2014 മുതൽ 26/1/2014 വരെയുള്ള കാലയളവ് നോഷണലായി ക്രമീകരിക്കുന്നതിനും 1/6/2011 മുതൽ

റഗുലർ നിയമനം നല്കിയതായി കണക്കാക്കുന്നതിനും പരാമർശം 4 പ്രകാരം 31/3/2012 നുമ്പ് റഗുലർ സർവീസിൽ പ്രവേശിച്ചവർക്ക് കെടെറ്റ് ഇളവ് അനുവദിച്ചതു കണക്കിലെടുത്ത് K T E T യോഗ്യത നേടുന്നതിൽ നിന്ന് ഹർജിക്കാരനെ ഒഴിവാക്കുന്നതിനും ഉപജില്ലാവിദ്യാഭ്യാസഓഫീസർക്ക് നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം പാലക്കാട് മംഗലം ഗാന്ധി സ്മാരക യു.പി സ്കൂളിലെ ഹിന്ദി അദ്ധ്യാപകനായ ശ്രീ. അനീഷ്.പി ബഹു. ഹൈക്കോടതിയിൽ പരാമർശം 1 പ്രകാരം ഫയൽ ചെയ്ത റിട്ട് ഹർജി നം. 2198/2022 മേലുള്ള പരാമർശം 2 വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ്:-അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാവിദ്യാഭ്യാസ ഓഫീസർ, ഫോർട്ട് മൈതാൻ, പാലക്കാട്- 678001

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലത്തൂർ,പാലക്കാട്- 678541

ശ്രീ. അനീഷ്.പി, ഹിന്ദി അദ്ധ്യാപകൻ, ഗാന്ധി സ്മാരക യു.പി സ്കൂൾ, മംഗലം , അഞ്ചുമൂർത്തി, പാലക്കാട് -678682

ഹെഡ്മാസ്റ്റർ,ഗാന്ധി സ്മാരക യു.പി സ്കൂൾ, മംഗലം , അഞ്ചുമൂർത്തി, പാലക്കാട് -678682

മാനേജർ, ഗാന്ധി സ്മാരക യു.പി സ്കൂൾ, മംഗലം , അഞ്ചുമൂർത്തി, പാലക്കാട് -678682

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

**Signed by Mini.t.r.**
**Date: 05-09-2022 11:46:21**

സെക്ഷൻ ഓഫീസർ